പിറവിക്കാലം രണ്ടാം ഞായർ

**ഭൂമിയിൽ ജീവിച്ചുതുടങ്ങുന്ന ദൈവം (ലൂക്കാ 2-21)**

തുടക്കത്തിൽ ഒരു പച്ചമനുഷ്യനായി ഭൂമിയിൽ ജീവിച്ചു തുടങ്ങുകയാണ്. ക്രിസ്തുവിന് ഭൂമിയിൽ ജീവിക്കാൻ ഇടയായ മൂന്ന് താല്പര്യങ്ങളെക്കുറിച്ചാണ് നമ്മൾ ഇന്ന് ചിന്തിക്കുന്നത്.

ഒന്ന് - അവന് ജീവിക്കാൻ ഒരു ഉദരമുണ്ടായിരുന്നു.- പ. കന്യാമറിയത്തിന്റെ വിശുദ്ധമായ സ്നേഹം നിറഞ്ഞ ദൈവാലയത്തേക്കാൾ പവിത്രമായ ഉദരം ദൈവത്തിന് ജനിക്കാനായി അവൾ വച്ച് നീട്ടി.

എന്നാൽ ഇന്ന് ശിശുക്കൾ ജനിക്കുന്ന കോടിക്കണക്കായ ഗർഭപാത്രങ്ങൾ എത്രയെണ്ണം ദൈവീക ചൈതന്യം പേറുന്നുണ്ട്.

* ഒന്നുകിൽ വന്ധീകരണത്തിലൂടെ ദൈവസാന്നിദ്ധ്യത്തിന് പൂർണ്ണമായും വാതിലടച്ചുകളഞ്ഞ ഉദരങ്ങൾ
* കൃത്യമ ഗർഭനിരോധനമാർഗങ്ങളിലൂടെ ദൈവത്തെ പടിയിറക്കുന്നവർ
* എന്റെ സുഖജീവിതത്തിലിടെയിലെന്നോ സംഭവിച്ച ജീവന്റെ തുടിപ്പുകൾ

ഓരോ ജനനങ്ങളിലും ജനിക്കുന്നത് ദൈവീക ചൈതന്യമാണ്. പക്ഷേ ഇന്ന് ഈ ദൈവീക ചൈതന്യത്തെ സ്വീകരിക്കാൻ ഇന്ന് ഭൂമിയിൽ ഏതെങ്കിലും ഉദരം ബാക്കുയുണ്ടോ എന്ന് സംശയമാണ്.

രണ്ട് -അവനെ പിതൃവാൽസ്യലത്തോട ചേർത്തണയ്ക്കാൻ ജോസഫ് എന്ന മനുഷ്യനുണ്ടായിരുന്നു. അവന്റെ ചൂടുള്ള നെഞ്ചുണ്ടായിരുന്നു.

അപ്പനില്ലാത്തവൻ ആയിരുന്നു ക്രിസ്തു. ഇംഗ്ലീഷിൽ ഈ അർത്ഥം പേറുന്ന വാക്കിന് മോശമായ വ്യാഖാനമാണ് നൽകുന്നത്. അപ്പനില്ലാത്ത ക്രിസ്തുവിന് അപ്പനായി ഞാനുണ്ട് എന്ന് പറഞ്ഞ് മാറോട് ചേർക്കുന്ന ജോസഫിന്റെ സ്നേഹം, മദർതെരേസായും, ജോണ് ഓഫ് ഗോഡും, കുഞ്ഞച്ചനും അങ്ങനെ അനേകായിരം വിശുദ്ധാത്മാക്കളും തെരുവോരങ്ങളിൽ നിന്നും കുടിലുകളിൽനിന്നും കഷ്ടതകളിൽനിന്നും മനുഷ്യമക്കളേ മാറോട് ചേർക്കുന്നവരുമാണ് ദൈവത്തിന് ഭൂമിയിൽ പുനരവതരണം നൽകിയത്.

മൂന്ന്-രാജാവിന്റെ വാളിൽ നിന്ന് ഓടി രക്ഷപെട്ട അവനെ സ്വീകരിക്കാൻ നസ്രത്ത് എന്ന മണ്ണുണ്ടായിരുന്നു.

ഒരുപക്ഷേ നസ്രത്ത് എന്ന ഗ്രാമത്തിന് അതിന്റെയെന്നും ആവശ്യമുണ്ടായിരുന്നില്ല, അതും ഹേറോദോസിൽ നിന്ന് ഒളിച്ചോടിയവരെ സ്വീകരിക്കേണ്ട ആവശ്യവുമുണ്ടായിരുന്നില്ല. നസ്രത്ത് എന്ന നാടിന്റെ നന്മയാണ് ദൈവത്തിന് വളരാൻ അവസരമൊരുക്കിയത്.

ക്രസ്തുവിന് വളരാൻ ദൈവത്തിന് പുനർജനിക്കാൻ ഒരു മണ്ണുവേണം. എന്തുകൊണ്ട് എന്റെ നാടിന് അങ്ങനെയായിക്കൂടാ ശരിയാണ് വിവിധ സംസ്കാരങ്ങൾ, മതങ്ങൾ. എകിലും ഇതിനേല്ലാം മദ്ധ്യ ക്രസ്തുവിനെ ജനിപ്പിക്കാൻ ക്രസ്ത്യാനിയായ എനിക്കുമാത്രമേ പറ്റൂ, എന്റെ വാക്കുകളിലൂടെ എന്റെ ഇടപെടലിലൂടെ ഞാൻ ജീവിക്കുന്ന മണ്ണിൽ ദൈവത്തിന് ജന്മമേകണം.

പ്രിയമുള്ളവരേ രണ്ടായിരത്തിപതിനാലാമാണ്ടിൽ ക്രിസ്തുവിനെ ജനിപ്പിക്കേണ്ട ഉത്തരവാദിത്തം എന്റേതാണ്.

* ഒന്നുകിൽ എന്റെ ഉദരത്തിൽ അല്ലകിൽ എന്റെ നെഞ്ചിൽ
* അതുമല്ലകിൽ ഞാൻ ജീവിക്കുന്ന മണ്ണിൽ

ദൈവമനുഗ്രഹിക്കട്ടെ ആമ്മേൻ